# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.07.2026**

## പ്രധാനവാർത്തകൾ

1. യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ പുതിയ ഘട്ടത്തിന് തുടക്കമായി. വികസിത ഭാരതത്തിനായി ലഹരിമുക്ത യുവത എന്ന ആശയത്തിൽ മത്സരങ്ങൾ നടക്കും.

2. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി വിദ്യാർത്ഥി -യുവജന സംഘടനകളുടെ നേതാക്കളുമായി ആഭ്യന്തര മന്ത്രിയുടെ കൂടിക്കാഴ്ച മറ്റന്നാൾ തിരുവനന്തപുരത്ത്.

3. വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച രണ്ടു മലയാളികൾ ഉൾപ്പടെയുള്ള ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ ഇന്ന് മുംബൈയിലെത്തിക്കും.

4. നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ സെഷൻസ് കോടതി. ശിക്ഷാ വിധി മറ്റന്നാൾ.

5. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങളിൽ സർക്കാരിന് പരിപൂർണ അവകാശമുണ്ടാകണമെന്ന് ദേവസ്വംമന്ത്രി കെ മുരളീധരൻ.

6. പ്രിയദർശിനി സൗജന്യയാത്രാ വിഷയത്തിൽ സംസ്ഥാനത്തെ സ്വകാര്യ ബസ് ഉടമകളുമായി ഗതാഗത മന്ത്രി C.P ജോൺ തിരുവനന്തപുരത്ത് ചർച്ച നടത്തുന്നു.

&&&&&&&&&&&&&&&&

RNU TVPM

ഖത്തർ മുൻ അമീർ ഷെയ്ഖ്

അന്തരിച്ച ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയോടുള്ള ആദരസൂചകമായി ഇന്ത്യയിൽ ഒരു ദിവസത്തെ ദേശീയ ദുഃഖാചരണം. രാജ്യത്തുടനീളം ഇന്ന് ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. ഔദ്യോഗിക വിനോദ പരിപാടികളൊന്നും ഉണ്ടായിരിക്കില്ല. ഇന്ത്യയുടെ അനുശോചനം നേരിട്ട് അറിയിക്കുന്നതിനായി കേന്ദ്ര മന്ത്രി കിരൺ റിജിജു ഖത്തർ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&

ലഹരിമുക്ത യുവത -പ്രചാരണ പരിപാടി

വികസിത ഭാരതത്തിനായി ലഹരിമുക്ത യുവത എന്ന ആശയത്തിൽ യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ അടുത്ത ഘട്ടം രാജ്യവ്യാപകമായി ആരംഭിച്ചു. ഇതോടനുബന്ധിച്ച് ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിലായി സംഘടിപ്പിക്കുന്ന മത്സരങ്ങൾക്കായി മൈ ഭാരത് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 15 മുതൽ 29 വയസ്സ് വരെ പ്രായമുള്ളവർക്ക്, അഞ്ച് വിഭാഗങ്ങളിലായുള്ള മത്സരങ്ങളിൽ പങ്കെടുക്കാം. ജില്ലാതല മത്സരങ്ങൾ ഈ മാസം 24 ന് ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&

ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി വിദ്യാർത്ഥി -യുവജന സംഘടനകളുടെ യോഗം മറ്റന്നാൾ തിരുവനന്തപുരത്ത് ചേരും. ആഭ്യന്തര മന്ത്രി വിളിച്ചു ചേർക്കുന്ന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ധീൻ പങ്കെടുക്കും. ലഹരിയ്ക്കെതിരെയുള്ള പോരാട്ടത്തിൽ വിദ്യാർത്ഥി യുവജന സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്താനുള്ള ചർച്ചകൾ നടക്കും.

&&&&&&&&&&&&&&

കെ മുരളീധരൻ (ഇൻട്രോ)

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമന കാര്യങ്ങളിൽ സർക്കാരിന് പരിപൂർണ അവകാശമുണ്ടാകണമെന്ന് ദേവസ്വംമന്ത്രി കെ മുരളീധരൻ. സർക്കാർ നടപടിയിൽ

തെറ്റുണ്ടെങ്കിൽ കോടതിക്ക് അഭിപ്രായം പറയാമെന്നും പ്രതികരണങ്ങൾ കോടതിയോടുള്ള ധിക്കാരമല്ലെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

**( വോയിസ്.....)**

ശബരിമല സ്വർണ്ണാപഹരണക്കേസിൽ SIT റിപ്പോർട്ട് സമർപ്പിക്കാത്തിടത്തോളം സർക്കാരിന് ഒന്നും ചെയ്യാനാകില്ലെന്നും മന്ത്രി വ്യക്തമാക്കി. നടപടികൾ വൈകുന്നത് പ്രതികൾ രക്ഷപെടാനുള്ള സാധ്യത കൂട്ടുമെന്നും ശ്രീ കെ മുരളീധരൻ പറഞ്ഞു.

**&&&&&&&&&&&&&&**

<u>വിയറ്റ്നാം ബോട്ടപകടം</u>

വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ ഇന്ന് മുംബൈയിലെത്തിക്കും. ഹോ ചി മിൻ സിറ്റിയിൽ നിന്ന് പുറപ്പെടുന്ന വിമാനം, ഇന്ത്യൻ സമയം രാത്രി 9:35-ന് മുംബൈ വിമാനത്താവളത്തിൽ എത്തിച്ചേരുമെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. കൊട്ടാരക്കര സ്വദേശികളായ എ. സി തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ നോർക്കയുടെ ഏകോപനത്തിൽ മുംബൈയിൽ നിന്ന് തിരുവനന്തപുരം വിമാനത്താവളത്തിലേക്കും, തുടർന്ന്, കൊട്ടാരക്കരയിലെ വസതിയിലേക്കും എത്തിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് നേരത്തെ അറിയിച്ചിരുന്നു.

**&&&&&&&&&&&&&&**

<u>ഉസ്ബെക്കിസ്ഥാൻ കൊലപാതകം</u>

ഉസ്ബെക്കിസ്ഥാനിൽ മലയാളി മെഡിക്കൽ വിദ്യാർത്ഥിനി കൊല്ലപ്പെട്ട സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. 21 വയസുകാരിയായ പെൺകുട്ടി കൊല്ലപ്പെടുന്നതിന് തൊട്ടുമുൻപ് കടുത്ത ശാരീരിക മർദ്ദനം നേരിട്ടതായ ആരോപണത്തിൽ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തി. സംഭവത്തിൽ വിദേശകാര്യ മന്ത്രാലയവുമായും താഷ്കെന്റിലെ ഇന്ത്യൻ എംബസിയുമായും ഏകോപിപ്പിച്ച് അടിയന്തര അന്വേഷണം നടത്താനും, പെൺകുട്ടിയുടെ കുടുംബത്തിന്

RJU TVPM

പിന്തുണ ഉറപ്പാക്കാനും ആവശ്യപ്പെട്ട് കമ്മീഷൻ കേരള പോലീസ് മേധാവിക്ക് കത്തയച്ചു. ഏഴ് ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&**

പാലാ നഗരസഭ (ഇൻട്രോ)

പാലാ നഗരസഭയിൽ രാഷ്ട്രീയ പോര് മുറുകുന്നു. നഗരസഭാധ്യക്ഷ ദിയ ബിനു പുളിക്കക്കണ്ടത്തിന് എതിരെ എൽ.ഡി.എഫ് നൽകിയ അവിശ്വാസ പ്രമേയത്തിന്മേലുള്ള ചർച്ച ഈ മാസം 21-ന് നടക്കും. ഇതിന്റെ പശ്ചാത്തലത്തിൽ നഗരസഭയിൽ നാളെ മുതൽ തുടർച്ചയായ നാല് ദിവസം കൗൺസിൽ യോഗങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക.എസ്.നായർ....**

(വോയ്സ്)

**&&&&&&&&&&&&&&**

നെന്മാറ ഇരട്ടക്കൊല

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി പോത്തുണ്ടി തിരുത്തംപാടം ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ സെഷൻസ് കോടതി. ജില്ലാ അഡീഷണൽ ജഡ്ജി കെന്നത്ത് ജോർജ് ജോർജാണ് വിധി പ്രസ്താവിച്ചത്. ശിക്ഷാവിധി മറ്റന്നാൾ പ്രഖ്യാപിക്കും. 2025 ജനുവരി 27 ന് തിരുത്തംപാടത്തെ സുധാകരൻ അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയതാണ് കേസ്.

**&&&&&&&&&&&&&&**

സ്വകാര്യ ബസ് ചർച്ച

സംസ്ഥാനത്തെ സ്വകാര്യ ബസ് ഉടമകളുമായി ഗതാഗത മന്ത്രി C.P ജോൺ തിരുവനന്തപുരത്ത് ചർച്ച നടത്തുന്നു. KSRTC യുടെ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിയുൾപ്പെടെയുള്ള ആശങ്കകൾ പരിഹരിക്കാനാണ് ബസ് ഉടമകളെ ചർച്ചയ്ക്ക് വിളിച്ചത് .

**&&&&&&&&&&&&&&**

RNUTVPM

മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും നരേന്ദ്ര മോദി മൊബൈൽ ആപ്ലിക്കേഷൻ MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

**&&&&&&&&&&&&&&**

ഗഗൻയാൻ

ഗഗൻയാൻ ദൗത്യത്തിലെ ക്രൂ മൊഡ്യൂൾ സംവിധാനങ്ങളുമായി ബന്ധപ്പെട്ട മൂന്ന് പരീക്ഷണങ്ങൾ വിജയകരമായി പൂർത്തിയാക്കി ISRO. കടലിൽ വീണതിനുശേഷം ക്രൂ മൊഡ്യൂളിന് സ്വന്തമായി ശരിയായ സ്ഥാനം കൈവരിക്കാൻ സാധിക്കുമോ എന്നതായിരുന്നു ആദ്യ പരീക്ഷണം. ക്രൂ മൊഡ്യൂളിനും സർവീസ് മൊഡ്യൂളിനും ഇടയിലുള്ള വേർതിരിക്കൽ സംവിധാനം രണ്ടാമത്തെ പരീക്ഷണത്തിൽ പരിശോധിച്ചു. പാരച്യൂട്ടുകളെ സംരക്ഷിക്കുന്ന അപെക്സ് കവർ വേർപെടുത്താനുള്ള ക്രൂ മൊഡ്യൂളിന്റെ ശേഷിയും വിലയിരുത്തി.

RNU TVPM

**&&&&&&&&&&&&&&**

ലോകകപ്പ് (ഇൻട്രോ)

ലോകകപ്പ് ഫുട്ബോൾ ജേതാക്കളെ അറിയാൻ ഇനി 7 നാൾ കൂടി. രണ്ടു സെമിഫൈനലും, മൂന്നാം സ്ഥാനത്തേക്കുള്ള മത്സരവും കഴിഞ്ഞാൽ, ഈ മാസം 20 ന് ഫൈനൽ പോരാട്ടമായി. **ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് ...**

(വോയ്സ്)

**&&&&&&&&&&&&&&**

### ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 166 പോയിൻറ് താഴ്ന്ന് 77,404 ലും നിഫ്റ്റി 61 പോയിൻറ് കുറഞ്ഞ് 24,146 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണവില കുറഞ്ഞു. പവന് 1040 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,800 രൂപയും ഗ്രാമിന് 13,100 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&**

### പ്ലസ് വൺ

പ്ലസ് വൺ പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് മുതൽ ഓൺലൈനായി അപേക്ഷിക്കാം. ഏകജാലക സംവിധാനത്തിലൂടെ ഇതുവരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്കും അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കുമാണ് അവസരം.

**&&&&&&&&&&&&&&**

### മ്യൂസിയം റബ്ബർ മുത്തശ്ശി (ഇൻട്രോ)

തിരുവനന്തപുരം മ്യൂസിയം വളപ്പിലെ 150 വർഷം പഴക്കമുള്ള റബ്ബർ മുത്തശ്ശിക്ക് ചികിത്സ നടത്തുന്നു. ചിതൽ രോഗം ബാധിച്ചതോടെയാണ് ഫംഗസ് രോഗ ചികിത്സ, നിയന്ത്രിത പ്രൂണിങ് എന്നിവ ഉൾപ്പെടെ നടത്താൻ തീരുമാനിച്ചത്. കഴിഞ്ഞ മാസം 13 ന് മഴയിലും കാറ്റിലും ശിഖരം ഒടിഞ്ഞു വീണതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് രോഗബാധ കണ്ടെത്തിയത്.
**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്..........**
(വോയ്സ്)

**&&&&&&&&&&&&&&**

### പശ്ചിമേഷ്യ

ജോർദാൻ, ബഹ്റൈൻ, കുവൈറ്റ് എന്നിവിടങ്ങളിലെ യുഎസ് സൈനിക താവളങ്ങളിൽ നടന്ന മിസൈൽ ആക്രമണങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ്. ഇറാനിലെ യുഎസ് ആക്രമണത്തിനുള്ള

RNU TVPM

മറുപടിയായി "ഐ-ഫോർ-ആൻ-ഐ" ഓപ്പറേഷൻ നടത്തിയതായാണ് പ്രതികരണം.

**&&&&&&&&&&&&&&**

<u>ആരോഗ്യകേന്ദ്രം - ഗുണനിലവാരം</u>

നീതി ആയോഗിന്റെ പുരസ്കാരം നേടിയ കാസർഗോഡ് പരപ്പ ആസ്പിരേഷണൽ ബ്ലോക്ക് പ്രോഗ്രാമിന്റെ ഭാഗമായി 20 ആരോഗ്യകേന്ദ്രങ്ങൾ കൂടി എൻ.ക്യു.എ.എസ് പരിശോധനയ്ക്ക് സജ്ജമായി. 44 ആരോഗ്യ കേന്ദ്രങ്ങളെ എൻ.ക്യു.എ.എസ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**&&&&&&&&&&&&&&**

<u>തൃശൂർ - ആത്മഹത്യ</u>

തൃശൂർ കുന്നംകുളത്ത് , ജീവനൊടുക്കാൻ ശ്രമിച്ച നാലംഗ കുടുംബത്തിലെ രണ്ടു പേർ മരിച്ചു. പിതാവ് സിബിയും , മകൾ അലീനയുമാണ് മരിച്ചത്. ഭാര്യ ബീന, മകൻ ആദിത്യൻ എന്നിവർ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. ജോലി നഷ്ടപ്പെട്ടതിനെ തുടർന്നാണ് സിബി വിദേശത്ത് നിന്ന് നാട്ടിലെത്തിയത്.

RNUTVPM

**&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**